# ഏകപുരുഷന്റെ ഭാര്യമാരായ സഹോദരിമാർ

# Leah (ലേയ), (റാഹേൽ)Rachel




അന്ധനായ പിതാവിനേയും, ജ്യേഷ്ഠ സഹോദരനേയും ചതിച്ച് ജീവനെ ഭയന്നോടിയ യാക്കോബ് ചെന്നെത്തിയത് ചതിയുടെ ആദ്യപാഠം തന്നെ പഠിപ്പിച്ച അമ്മയുടെ നാട്ടിലേക്കാണ്. അവിടെയുള്ള ഒരു കിണറിന്റെ കരയിലേക്ക് ആടിന് വെള്ളം കോരുവാൻ വന്ന തന്റെ അമ്മയുടെ സഹോദരന്റെ മകളെയാണ് അവൻ ആദ്യം കണ്ട കുടുംബാംഗം. യിസഹാക്കിന് ഒരു ഭാര്യയെ തിരക്കിവന്ന എലെയാസർ ലാബാന്റെ സഹോദരിയായ റിബേക്കയെ കണ്ടെത്തിയത് കിണറിന്റെ അടുക്കൽ വച്ചാണ്. റിബേക്ക എലയാസറിന്റെ ആടുകൾക്ക് വെള്ളം കോരി കൊടുത്തപ്പോൾ ലാബാന്റെ മകളുടെ ആടുകൾക്ക് റിബേക്കയുടെ മകനാണ് (യാക്കോബ്) വെള്ളം കോരി കൊടുത്തത് (ഉല്പ:29:10). റാഹേൽ വിവരം അറിയിച്ചതനുസരിച്ച് ലാബാൻ വന്ന്

യാക്കോബിനെ കൂട്ടിക്കൊണ്ടു പോയി. രണ്ട് പെൺകുട്ടികളുടെ പിതാവായ ലാബാന് പല ഉദ്ദേശങ്ങളും കാണും . പ്രത്യേകിച്ച് മൂത്തമകൾ കണ്ണിന് ശോഭയില്ലാത്തവളും (weak or delicate eyes),ഇളയവൾ സുന്ദരിയുമാകുമ്പോൾ. ലാബാന്റെ ഉദ്ദേശം പുറത്തുവന്നത് ഒരു മാസം കഴിഞ്ഞപ്പോഴുള്ള സംഭാഷണത്തിൽ നിന്നുമാണ്. യാക്കോബ് ആഗ്രഹിക്കുന്ന പ്രതിഫലം എന്താണെന്നുള്ള ലാബാന്റെ ചോദ്യത്തിന് , റാഹേലിനെ താൻ ആഗ്രഹിക്കുന്നുവെന്നും അതിനായി ഏഴുവർഷം ലാബാനെ സേവിക്കുമെന്നും യാക്കോബ് വ്യക്തമാക്കി. അവളെ അന്യപുരുഷനു നൽകാതെ നിനക്ക് നൽകും എന്ന് പരസ്യമായി പറഞ്ഞവൻ, തക്കസമയത്ത് രഹസ്യമായി അവനെ ചതിച്ചു.റാഹേലിനു പകരം ലേയയെ ആണ് തന്റെ അടുക്കൽ അയച്ചത് എന്ന് പ്രഭാതത്തിൽ മാത്രമാണ് യാക്കോബ് അറിഞ്ഞത്. ദൈവം നീതിയുള്ള ന്യായാധിപതിയാകുന്നു. യാക്കോബ് ചെയ്ത ചതിയുടെ ഫലം അവന് തിരികെ കിട്ടി.

വീണ്ടും റാഹേലിനു വേണ്ടി 7 വർഷം ലാബാനെ സേവിച്ചു. കൂടാതെ ആട്ടിൻ കൂട്ടങ്ങളിൽ നഷ്ടം സംഭവിച്ചതിനുള്ള ശിക്ഷ, വീണ്ടും ആറു വർഷം അവനെ സേവിച്ചു. അതായത് സഹോദരിമാരായ ലേയയ്ക്കും റാഹേലിനും വേണ്ടി ഇരുപതു വർഷം ചതിയനായ ലാബാനെ സേവിച്ച ഹതഭാഗ്യനാണ് യാക്കോബ്.

## എന്തിനാണ് ഈ ചതിയനെ ഏഴുവർഷം സേവിച്ചത്?

അന്നത്തെ കാലത്ത് പുരുഷൻ വിവാഹത്തിന് പെൺകുട്ടിയെ വിലയ്ക്കു വാങ്ങുകയാണ്. വിലകൊടുത്ത് വീട്ടിലേക്കു വാങ്ങുന്ന സാധനങ്ങൾ പോലെ പുരുഷൻ സ്ത്രീയേയും വാങ്ങുന്നു. പുരുഷൻ ഭാര്യയുടെ ഉടമസ്ഥനാണ്. സ്ത്രീയ്ക്ക് അഭിപ്രായ സ്വാതന്ത്ര്യം ഇല്ല. പിതാവ് മകളുടെ വില വാങ്ങുന്നു. എന്നാൽ ഒരു വടിയോടുകൂടെ മാത്രം യോർദ്ദാൻ കടന്ന യാക്കോബിന് കയ്യിൽ പണമില്ലാത്തതിനാലാണ് ഏഴുവർഷം വീതം ജോലി ചെയ്തുകൊള്ളാമെന്ന് സമ്മതിച്ചത്. നീതിമാനായ ദൈവത്തിന്റെ കൈവിരുത് കണ്ടോ ? വചനം പറയുന്നു "ഓരോരുത്തനും അവനവന്റെ പ്രവർത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്." (വെളി:22:12)

**ലേയ (കാട്ടു പശു), റാഹേൽ (പെൺ ചെമ്മരിയാട്)**

**ഇവരുടെ സ്വഭാവം വിലയിരുത്തുന്നത് ശ്രദ്ധിക്കുക**

1. ഒരപ്പന്റെ രണ്ടു മക്കൾ എങ്കിലും , സഹോദരിമാർ തമ്മിൽ പ്രകടമല്ലാത്ത അസൂയ ഉണ്ടായിരുന്നു. കാരണം ഒരുവൾ സുന്ദരിയും , മറ്റേവൾ വിരൂപിയും ആയിരുന്നു എന്നതു തന്നെ.

2. ലാബാൻ എന്ന ചതിയന്റെ രണ്ടു മക്കളും ചതി അറിയാവുന്നവരാണെന്ന് ധരിക്കുന്നതിൽ തെറ്റില്ല. റാഹേലിനു വേണ്ടി ഏഴു വർഷം ലാബാനെ സേവിക്കാമെന്ന് ഉറക്കെ പറഞ്ഞത് രണ്ട് പെൺമക്കളും കേട്ടതാണ്, കൂടാതെ മൂത്തമകളെ ലാബാൻ യാക്കോബിന്റെ മുറിയിൽ വിട്ടതും ഇവർ അറിഞ്ഞതാണ്. വിഷസർപ്പത്തിന്റെ മക്കളും വിഷമേ തുപ്പൂ.

3. വിരൂപിണിയായ ലേയ കരുതി ഒരു ജീവിതം കിട്ടിയല്ലോ എന്ന്, അതേ സമയം സുന്ദരിയായ റാഹേൽ കരുതി എന്നെ അവകാശമാക്കുവാൻ വീണ്ടും ഏഴുവർഷം കൂടി പണിയുക നല്ലതുതന്നെ എന്ന്. (മനുഷ്യന്റെ ഹൃദയം ആരാഞ്ഞറിഞ്ഞതാർ ?)

4. ലേയ എല്ലാവർക്കും അനിഷ്ട ആയിരുന്നു എന്ന് ദൈവം കണ്ടു. അതിനാൽ ഗർഭ ഫലം നൽകി അവളെ ദൈവം അനുഗ്രഹിച്ചു. എല്ലാവർക്കും , പ്രത്യേകിച്ച് ഭർത്താവിന് പ്രീയപ്പെട്ടവളുമായ റാഹേൽ മച്ചി ആയിത്തീർന്നു.

[മനുഷ്യർ തള്ളിയതിനെ ദൈവം തന്റെ നാമമഹത്വത്തിനായി ഉപയോഗിക്കുന്നു. ഭർത്താവിന്റെ സ്നേഹം ലഭിക്കാത്ത ലേയയെ , യിസ്രായേൽ ഗോത്രം പണിയുവാൻ ദൈവം ഉപകരണമാക്കി. യേശുക്രിസ്തു ജനിച്ച യഹൂദഗോത്രമുൾപ്പെടെ അനേക മക്കളെ അവൾക്കു ലഭിച്ചു.]

5. ലേയയ്ക്ക് ലഭിച്ച മക്കൾ നിമിത്തം റാഹേൽ അസൂയപ്പെട്ടപ്പോൾ , ലേയ, റാഹേലിനെ വെറുത്തത് അവൾ യാക്കോബിന്റെ പ്രീയപ്പെട്ടവൾ ആയതു കൊണ്ടാണ്.

6. ഓരോ പൈതങ്ങളേയും ലഭിക്കുമ്പോഴും ലേയ , യഹോവയെ ഓർത്താണ് പേരുകൾ തീരുമാനിച്ചത്. എന്നാൽ മക്കൾ ദൈവത്തിന്റെ ദാനമെന്ന് ചിന്തിച്ച് ദൈവത്തോട് ചോദിക്കാതെ യാക്കോബിനോടും , ദൈവത്തോടും അനിഷ്ടം കാണിക്കുകയാണ് റാഹേൽ ചെയ്തത്. യോസഫിനെ റാഹേലിന് ലഭിച്ചപ്പോൾ അവസ്ഥ
മാറുകയും ചെയ്തു.

7. രണ്ട് സഹോദരിമാരും സാറാ ചെയ്ത തെറ്റ് (ഹാഗാറിന്റെ അടുക്കൽ അബ്രാമിനെ അയച്ചതുപോലെ )ആവർത്തിച്ചു. അവരുടെ ദാസിമാരുടെ

അടുക്കൽ യാക്കോബിനെ അയച്ചു. ദാസിമാരിൽ യാക്കോബിന് മക്കളുണ്ടാകുകയും ചെയ്തു.

8. ലാബാൻ ഏക ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല. വിഗ്രഹാരാധിയായ അപ്പനെപ്പോലെ ആയിരുന്നു റാഹേലും . ഊമവിഗ്രഹങ്ങളെ ആരാധിച്ചതുകൊണ്ടാവാം അവൾക്ക് മക്കൾ ഇല്ലാതെ പോയത്. ലേയ സത്യദൈവത്തെ വിശ്വസിച്ചതിനാലാകാം അവൾ മക്കളെ പ്രസവിച്ച് ഭാഗ്യവതി ആയത്.

9. യോക്കോബ് ബഹു ഭാര്യത്വവും, റാഹേൽ ബഹു ദൈവത്വവും സ്വീകരിച്ചിരുന്നു. അതുകൊണ്ടാകാം ആരും അറിയില്ല എന്നു കരുതി പിതാവിന്റെ ആരാധനാ മൂർത്തികളെ മോഷ്ടിച്ച് , യിസ്രായേലിന്റെ പരിശുദ്ധന്റെ വാക്കനുസരിച്ച് പുറപ്പെട്ട ഭർത്താവിനോടൊപ്പം അവൾ പുറപ്പെട്ടത്. എന്നാൽ ലേയ ഭർത്താവിന്റെ വാക്കുകൾ അനുസരിച്ചു മാത്രമേ പ്രവർത്തിച്ചുള്ളൂ.

10. വിഗ്രഹങ്ങൾ തിരക്കി പിന്നാലെ വന്ന അപ്പനെ അവൾ രണ്ടു വിധത്തിൽ പറ്റിച്ചു. വിഗ്രഹം, കഴുതയുടെ കോപ്പുകൾ സൂക്ഷിച്ച ചാക്കിൽ ആരും കാണാതെ വച്ചതു മാത്രമല്ല അതിനു പുറത്തിരുന്നു കൊണ്ട് തനിക്ക് സ്ത്രീകൾക്കുള്ള മുറ ആയതിനാൽ എഴുന്നേൽക്കാൻ വഹിയായെന്ന് കള്ളം പറയുകയും ചെയ്തു. (സ്ത്രീകളുടെ മുറ രണ്ടാം പ്രസവത്തോടെ കഠിനപ്പെട്ടപ്പോൾവഴിയിൽ അവളുടെ ജീവൻ പൊലിഞ്ഞു, കൂടാതെ വിഗ്രഹം ആരുടെ പക്കലെങ്കിലും കണ്ടാൽ അവൻ ജീവനോടിരിക്കരുത് എന്ന യാക്കോബിന്റെ വാക്കുകളും അവളുടെ മേൽ ശാപമായി മാറി. ഓർക്കുക “നാം പറയുന്നതു തന്നെ നമുക്ക് സംഭവിക്കും എന്ന്” )

11. ആദ്യമായി രക്തം വാർന്നു മരിച്ച സ്ത്രീയായും , വഴിയിൽ ശവകുടീരത്തിൽ ഓർമ്മസ്തംഭം വച്ചവളെന്നും റിബേക്ക അറിയപ്പെട്ടു. (ഉല്പത്തി 35:19-20)

എന്നാൽ ലേയ പിശാചിനവകാശം പറയുവാൻ ഒന്നുമില്ലാത്തവളായി , തന്നെത്തന്നെ സൂക്ഷിച്ച്, പിതാക്കൻമാരുടെ കല്ലറയിൽ അന്ത്യ വിശ്രമം കൊള്ളുവാൻ ഭാഗ്യം ലഭിച്ചവളായി. (ഉല്പ:49:31)

ജീവിതകാലത്ത് തന്നെ അകറ്റി നിർത്തിയ ഭർത്താവിനോടു ചേർന്ന് അന്ത്യ വിശ്രമം അവൾക്ക് ലഭിക്കുകയും ചെയ്തു. ലോകമനുഷ്യർ നമ്മുടെ കഴിവില്ലായ്മയെ , നമ്മുടെ വൈരൂപ്യത്തെ പഴിക്കുമ്പോഴും ദൈവം കൈവിടാത്തവനെന്നും , നമ്മുടെ സങ്കടം അറിയുന്നവനെന്നും വിശ്വസിക്കുക. അവൻ തക്കസമയത്ത് നമ്മെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind